02/03/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.2596(5)/17/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 12125/SIC-G7/2017**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ഉത്തരവ് തീയതി : 20.02.2023**

**ശ്രീ. സോമനാഥൻ പിള്ള. കെ. എൻ,**
**കൊച്ചുനാലെത്തു വീട്,**
**ചെന്നിത്തല പി.ഒ,**
**മാവേലിക്കര – 690 105.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,**
**ശാന്തി നഗർ, തിരുവനന്തപുരം.**

**അപ്പീൽ അധികാരി,**
**ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,**
**ശാന്തി നഗർ, തിരുവനന്തപുരം.** } **എതിർകക്ഷികൾ**

## ഉത്തരവ്

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. മാന്നാർ നായർ സമാജം ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾ ശ്രീ. വി. മനോജി നെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ മാന്നാർ പോലീസ് സ്റ്റേഷനിൽ ക്രൈം രജിസ്റ്റർ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ടി പ്രിൻസിപ്പാൾ മുൻകൂർ ജാമ്യ ത്തിനായി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചതായും പ്രസ്തുത വിവരങ്ങൾ സ്കൂൾ പ്രിൻസിപ്പാളോ മാനേജരോ ആർ.ഡി.ഡിയോ റിപ്പോർട്ട് ചെയ്തിട്ടുള്ളതി ന്റെയും സസ്പെൻഷൻ ഓർഡറിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെ ടുത്തിയ പകർപ്പ്, കെ.ഇ.ആർ അനുസരിച്ച് മാനേജരുടെ അധികാരപരിധിയിൽ അനു വദനീയമായ സസ്പെൻഷൻ കാലാവധി അവസാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചു, ടി അധ്യാപികയെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ ഇല്ല എങ്കിൽ ബന്ധപ്പെട്ട ഉന്നതാധികാരി എന്ന നിലയിൽ ഡയറക്ടറേറ്റിൽ എന്ത് നടപടി സ്വീകരിച്ചു എന്നിങ്ങനെയുള്ള വിവരങ്ങളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യ പ്പെട്ടിരുന്നത്.

2. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒരു മൂന്നാംകക്ഷി വിവരവുമായി ബന്ധപ്പെട്ടതായതിനാൽ വിവരം നിക്ഷേധിക്കുകയും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഒന്നാം അപ്പീൽ അധികാരി 15.06.2017 തീയതി ഒരു മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ചോദ്യം 1,5 എന്നിവയുടെ വിവരങ്ങൾക്ക് ചെങ്ങന്നൂർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന് അപേക്ഷ നൽകാൻ ആവശ്യപ്പെടുകയും 2,3,4 എന്നിവയ്ക്ക് റീജ്യയണൽ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയതായും 7-ാമത്തെ ചോദ്യത്തിന്, സ്ത്രീപീഡനപരാതിയുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുന്നത് ടി ഓഫീസിലെ സെക്ഷ്വൽ ഹരാസ്മെന്റ് സെല്ലിലാണെന്നും ആയതിനാൽ ടി വിവരം ലഭിക്കുവാൻ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം എസ്.പി.ഐ.ഒയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുമാണ് അപ്പീൽ അധികാരി അറിയിച്ചിട്ടുള്ളത്.

3. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലും മൊഴിയിലും അറിയിച്ചിട്ടുള്ളത്, 15.06.2017 Acd a3/71443/17/HSE നമ്പർ കത്ത് മുഖേന ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ഉൾപ്പെടുത്തി ടിയാന് മറുപടി നൽകിയെന്നാണ്.

4. ക്രമനമ്പർ 1,5,7 എന്നി ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ അറിയിച്ചിട്ടുള്ളത്. മൂന്നാംകക്ഷി വിവരം എന്ന നിലയിൽ നിക്ഷേധിച്ച പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ അധികാരി മറുപടി നൽകിയ സാഹചര്യത്തിൽ, എസ്.പി.ഐ.ഒ വിവരം മറച്ചു വച്ചിട്ടുള്ളതായിട്ടാണ് കമ്മീഷൻ വിലയിരുത്തുന്നത്. ആയത് വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനവും ഗുരുതരവീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. 09.03.2017 ന് 32743/16 നമ്പരിൽ സ്വീകരിച്ച വിവരങ്ങളായിരുന്നു അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാക്കേണ്ട വിവരവും സെക്ഷ്വൽ ഹരാസ്മെന്റ് സെല്ലിൽ നിന്നും ലഭ്യമാക്കേണ്ട വിവരവുമാണ് ഹർജിക്കാരന് ലഭ്യമാക്കാനുള്ളത് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടി ഓഫീസിൽ ലഭ്യമല്ലാതിരുന്ന വിവരം ലഭിക്കുന്നതിന് ഓഫീസ് വിശദാംശങ്ങൾ നൽകിയിട്ടുണ്ടെന്ന എസ്.പി.ഐ.ഒയുടെ മറുപടി അംഗീകരിക്കാനാകില്ല. അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറുകയാണ് ചെയ്യേണ്ടിയിരുന്നത്. സ്ത്രീപീഡന പരാതിയുടെ ബന്ധപ്പെട്ട വിഷയമാണെങ്കിൽ victim ന്റെ പേര് ഉൾപ്പെടെ വെളിപ്പെടുത്തിയത് നിലവിലെ നിയമപ്രകാരം തെറ്റും വിഷയം ലാഘവത്തോടെ കാണുന്നു എന്നതുകൊണ്ടാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. മേലിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒയ്ക്കും അപ്പീൽ അധികാരിയ്ക്കും താക്കീത് നൽകുന്നു.

6. ഈ സാഹചര്യത്തിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരം ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാര സ്ഥാപനത്ത് നിന്ന് ശേഖരിച്ച് സൗജന്യമായി അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. **കമ്മീഷൻ നിർദ്ദേശം** നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി **മാസം 20 –ാം തീയതി ഉത്തരവാകുന്നു**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി